# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2640      06.11.2019-ൽ മറുപടിക്ക്

## മുതുവാൻ ഗോത്ര വിഭാഗത്തിലെ തിണ്ണ വീട് സമ്പ്രദായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി. :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | മുതുവാൻ ഗോത്ര വിഭാഗത്തിൽ തിണ്ണ വീട് സമ്പ്രദായം പോലെയുള്ള ആചാരങ്ങൾ ഇപ്പോഴും വ്യാപകമായി നിലനിൽക്കുന്നുണ്ടോ; | എ) | ഇടുക്കി ജില്ലയിൽ മുതുവാൻ ഗോത്ര വിഭാഗത്തിൽ തിണ്ണവീട് സമ്പ്രദായം പോലെയുള്ള ആചാരങ്ങൾ പല കോളനികളിലും നിലനിൽക്കുന്നുണ്ട്. |
| ബി) | തിണ്ണവീടുകളിൽ കഴിയാനുള്ള ബുദ്ധിമുട്ടുകൾ കാരണം ആർത്തവം വരാതിരിക്കാൻ മാലഡി പോലെയുള്ള ഗുളികകൾ ഈ വിഭാഗത്തിൽപ്പെട്ട വിവാഹിതരല്ലാത്ത പെൺകുട്ടികൾവരെ നിരന്തരം ഉപയോഗിക്കുന്നതായും ഇത് നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുന്നതായുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇത്തരം ഔദ്യോഗിക റിപ്പോർട്ടുകൾ ഒന്നും തന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല. ഇത്തരം പ്രശ്നങ്ങൾ ശ്രദ്ധയിൽപെടുന്ന പക്ഷം എസ്.ടി. പ്രമോട്ടർമാർ മുഖേന ആരോഗ്യ വകുപ്പ് അധികൃതരുടെ സഹായത്തോടെ നടപടി സ്വീകരിക്കുന്നതാണ്. |
| സി) | മുതുവാൻ വിഭാഗത്തിലെ സാമൂഹിക വിലക്കുകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | സി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**